# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 ഒക്ടോബർ 25

# വാർത്താക്കുറിപ്പ്

## എം.ജി.യിൽ ഉത്തരക്കടലാസ് പുനർമൂല്യനിർണയം, സൂക്ഷ്മപരിശോധന അപേക്ഷ ഓൺലൈനാക്കി

**- ഓൺലൈനായി അപേക്ഷിക്കാം**

**- നടപടി വിവരങ്ങൾ ഓൺലൈനായും എസ്.എം.എസായും ലഭിക്കും**

മഹാത്മാഗാന്ധി സർവകലാശാലയിൽ ഉത്തരക്കടലാസ് പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ നൽകാൻ ഓൺലൈൻ സംവിധാനം സജ്ജമാക്കിയതായി വൈസ്ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ പറഞ്ഞു. ഓൺലൈനായി ഫീസടച്ച് സർവകലാശാലയിൽ നേരിട്ട് അപേക്ഷ നൽകുന്ന നിലവിലെ സംവിധാനത്തിനു പകരമായാണ് അപേക്ഷയും ഫീസും ഓൺലൈനായി നൽകാവുന്ന സംവിധാനം ഒരുക്കിയത്.

സർവകലാശാലയുടെ സോഫ്റ്റ്വേർ വിഭാഗമാണ് റീവാല്യുവേഷൻ സോഫ്റ്റ്വേർ തയാറാക്കിയത്. അപേക്ഷ നൽകിയതിനു ശേഷം തുടർനടപടികൾ വിദ്യാർഥികൾക്ക് ഓൺലൈൻ പോർട്ടലിലൂടെ അറിയാം. ഇതു സംബന്ധിച്ച എസ്.എം.എസ്. സന്ദേശങ്ങളും ലഭിക്കും.

ആദ്യഘട്ടത്തിൽ കമ്പ്യൂട്ടർവത്കരിച്ച ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്കാണ് പ്രയോജനം ലഭിക്കുക. സി.ബി.സി.എസ്.എസ്. (2011-2016 അഡ്മിഷൻ), സി.ബി.സി.എസ്. (2017 മുതൽ), പി.ജി.സി.എസ്.എസ്.(2012മുതൽ), യു.ജി. പ്രൈവറ്റ്(2012മുതൽ), പി.ജി. പ്രൈവറ്റ് (2015 മുതൽ), ബി.പിഎഡ്(2015 മുതൽ), ബി.എഡ്. സ്പെഷൽ എജ്യൂക്കേഷൻ(2015 മുതൽ), എം.എഡ്. സ്പെഷൽ എജ്യൂക്കേഷൻ (2015 മുതൽ), എം.എഡ്.(2015 മുതൽ), ബി.എഡ്. (2015 മുതൽ), ബി.ടെക്(2010 മുതൽ), ബി.ആർക് (2011 മുതൽ), ബി.ടെക്(സീപാസ്-2015 മുതൽ) എന്നീ പ്രോഗ്രാമുകളുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമാണ് ഓൺലൈൻ അപേക്ഷ സൗകര്യം ലഭിക്കുക.

കമ്പ്യൂട്ടർവത്കരിക്കാത്തതും സർവകലാശാലയിൽനിന്ന് മാറ്റപ്പെട്ടതിനാൽ സപ്ലിമെന്ററി മാത്രം അവശേഷിക്കുന്നതുമായ പ്രോഗ്രാമുകൾക്കും ഓൺലൈൻ അപേക്ഷ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഓൺലൈൻ അപേക്ഷ നൽകാവുന്ന പ്രോഗ്രാമുകളുടെ വിവരങ്ങളും അപേക്ഷ സമർപ്പിക്കാനുള്ള മാർഗനിർദേശങ്ങളും www.mgu.ac.in എന്ന സർവകലാശാല വെബ്സൈറ്റിലെ 'സ്റ്റുഡന്റ്സ് പോർട്ടൽ' ലിങ്കിൽ ലഭ്യമാണ്. ഇന്നലെ ഫലംപ്രഖ്യാപിച്ച ഒന്നാംസെമസ്റ്റർ യു.ജി. പരീക്ഷകളുടെ ഉത്തരക്കടലാസ് പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനിലൂടെയാണ് അപേക്ഷ സ്വീകരിക്കുക.

(പി.ആർ.ഒ/39/1889/2019)

## പുതുക്കിയ പരീക്ഷ തീയതി

ഒക്ടോബർ 22ന് നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. (2017 അഡ്മിഷൻ റഗുലർ) യു.ജി., അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്), അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്സി. സൈബർ ഫോറൻസിക് (2017 അഡ്മിഷൻ റഗുലർ/2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്) യു.ജി. പരീക്ഷകൾ നവംബർ 11ന് നടക്കും.

ഒക്ടോബർ 22ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.എസ്സി. അപ്ലൈഡ് ഇലക്ട്രോണിക്സ് പരീക്ഷകൾ ഒക്ടോബർ 29ന് നടക്കും. ഒക്ടോബർ 22ന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ

2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സി ചാൻസ്, 2004-2013 അഡ്മിഷൻ-അദാലത്ത്-സ്പെഷൽ മേഴ്സി ചാൻസ് 2018) ഒക്ടോബർ 2019 പരീക്ഷയും സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽതോട്ടിലെ മൂന്നാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) പരീക്ഷയും നവംബർ 12ന് നടക്കും.

ഒക്ടോബർ 22ന് നടത്താനിരുന്ന മൂന്നാം സെമസ്റ്റർ എം.ബി.എ. (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ അഗ്രോ ബിസിനസ് ആന്റ് റൂറൽ മാർക്കറ്റിംഗ് (മാർക്കറ്റിംഗ്) പരീക്ഷ നവംബർ 21ന് രാവിലെ 9.30 മുതൽ 12.30 വരെ നടക്കും.

മൂന്നാം സെമസ്റ്റർ എം.ബി.എ. (2015, 2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ അഗ്രി ബിസിനസ് ആന്റ് റൂറൽ മാർക്കറ്റിംഗ് (മാർക്കറ്റിംഗ്) പരീക്ഷകൾ നവംബർ 21ന് രാവിലെ 9.30 മുതൽ 12.30 വരെയും ബാങ്ക് മാനേജ്മെന്റ് (ഫിനാൻഷ്യൽ മാനേജ്മെന്റ്) പരീക്ഷകൾ നവംബർ 21ന് ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.30 വരെയും നടക്കും. മറ്റ് പരീക്ഷകളുടെ സമയം, പരീക്ഷകേന്ദ്രം എന്നിവയ്ക്ക് മാറ്റമില്ല.

(പി.ആർ.ഒ/39/1890/2019)

## പരീക്ഷ തീയതി

അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നും ഒന്നും സെമസ്റ്റർ എൽ.എൽ.എം. പരീക്ഷകൾ യഥാക്രമം നവംബർ 15, 22 തീയതികളിൽ ആരംഭിക്കും. പിഴയില്ലാതെ ഒക്ടോബർ 28 വരെയും 500 രൂപ പിഴയോടെ 29 വരെയും 1000 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ 31 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/1891/2019)

## അപേക്ഷ തീയതി നീട്ടി

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. (പുതിയ സ്കീം റഗുലർ - 2019 അഡ്മിഷൻ/2017, 2018 അഡ്മിഷൻ റീഅപ്പിയറൻസ്) യു.ജി. പരീക്ഷകൾക്ക് പിഴയില്ലാതെ ഒക്ടോബർ 28 വരെയും 500 രൂപ പിഴയോടെ 30 വരെയും 1000 രൂപ സൂപ്പർഫൈനോടെ നവംബർ ഒന്നുവരെയും അപേക്ഷിക്കാം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1892/2019)

## പരീക്ഷഫലം

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ. (മോഡൽ 1, 2, 3, 2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ ബെറ്റർമെന്റ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ എട്ടുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1893/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. (2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ സപ്ലിമെന്ററി) ബി.ബി.എ., ബി.സി.എ., ബി.ബി.എം., ബി.ടി.ടി.എം., ബി.എഫ്.ടി. (മോഡൽ 3) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ എട്ടുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1894/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.കോം. സി.ബി.സി.എസ്. (മോഡൽ 1, 2, 3, 2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ എട്ടുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1895/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എസ്‌സി. (സി.ബി.സി.എസ്. മോഡൽ 1, 2, 3 - 2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ റീഅപ്പിയറൻസ്), സൈബർ ഫോറൻസിക് (സി.ബി.സി.എസ്.എസ്. മോഡൽ 3, 2018 അഡ്മിഷൻ റഗുലർ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ എട്ടുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1896/2019)

## ബാങ്ക് ടെസ്റ്റ് പരിശീലനം

വിവിധ ബാങ്കുകളിലേക്ക് നിയമനത്തിനായി ഐ.ബി.പി.എസ്. നടത്തുന്ന മത്സരപരീക്ഷകൾക്കുള്ള പരിശീലനം മഹാത്മാഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിക്കുന്നു. വിശദവിവരത്തിന് ഫോൺ: 0481-2731025.

(പി.ആർ.ഒ/39/1897/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ